LIBRARY ARCHIVES Kerala Legislative Assembly

ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിന് സ്റ്റൗവും മറ്റ് അനുബന്ധ ഉപകരണങ്ങളും അടിച്ചേൽപ്പിക്കുന്ന ഏജൻസികൾക്കെതിരെ നടപടി

118 (184) ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക ഗ്യാസ് കണക്ഷൻ നൽകുമ്പോൾ പല പെട്രോളിയം കമ്പനിയുടെ ഏജൻസികളും ഉപഭോക്താക്കളോട് സ്റ്റൗവും മറ്റ് അനുബന്ധ ഉപകരണങ്ങളും അവരുടെ പക്കൽ നിന്നും വാങ്ങണമെന്ന് നിർബന്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉപഭോക്താക്കൾക്ക് സ്വന്തം ഇഷ്ടപ്രകാരം സ്റ്റൗവും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള സ്വാതന്ത്ര്യം ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) ഇതു സംബന്ധിച്ച് സർക്കുലറോ, ഉത്തരവോ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 30-10-2010-ൽ സർക്കാർ തലത്തിൽ വിളിച്ച് ചേർത്ത ബന്ധപ്പെട്ടവരുടെ യോഗതീരുമാനപ്രകാരം ഗ്യാസ് ഏജൻസികൾ ഉപഭോക്താക്കളെ മറ്റ് വസ്തുക്കൾ അടിച്ചേൽപ്പിക്കുന്ന രീതി നിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും സിവിൽ സപ്ലൈസ് ഡയറക്ടർ നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* കൂടാതെ സ്റ്റൗ ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങൾ ആവശ്യമെങ്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാം. നിർബന്ധമില്ല. ഉപഭോക്താക്കൾക്ക് സ്റ്റൗവും മറ്റ് അനുബന്ധ ഉപകരണങ്ങളും പുറമെ നിന്നും അവരുടെ ഇഷ്ടാനുസരണം വാങ്ങാനുള്ള സ്വാതന്ത്ര്യമുണ്ട്.

അനധികൃത ഗ്യാസ് കച്ചവടം

119 (185) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റി പോലീസ് കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോർ T-920-ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന SAP ഗ്യാസ് ഗോഡൗണിൽ നിന്നും ഗാർഹികാവശ്യത്തിനുള്ള ഗ്യാസ് വൻതോതിൽ വ്യാജമായി കടത്തിക്കൊണ്ടുപോയി ഹോട്ടലുകൾക്കും മറ്റും വില്പന നടത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള അനധികൃത ഗ്യാസ് കച്ചവടം സംബന്ധിച്ച് ജില്ലാ സപ്ലൈ ഓഫീസർ അന്വേഷണം നടത്തിയിട്ടുണ്ടോ ; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) അനധികൃത ഗ്യാസ് കച്ചവടം നടത്തിയ കൺസ്യൂമർ സ്റ്റോർ ഭരണസമിതിക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ; നടപടി എടുത്തില്ലെങ്കിൽ അതിനുള്ള കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) തിരുവനന്തപുരം സിറ്റി പോലീസ് കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോർ T-920 ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന SAP ഗ്യാസ് ഗോഡൗണിൽ പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ സപ്ലൈ ഓഫീസർ അന്വേഷണം നടത്തുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1. ഓയിൽ കമ്പനി വിഭാവനം ചെയ്തിട്ടുള്ള മാതൃകയിലുള്ള സ്റ്റോക്ക് ബോർഡ് ഓഫീസിലും ഗോഡൗണിലും സ്ഥാപിച്ചിട്ടില്ല.

2. ഉപഭോക്താക്കൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതു സംബന്ധിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ബോർഡ് സ്ഥാപിച്ചിട്ടില്ല.

3. വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. പരാതിപ്പുസ്തകം സൂക്ഷിച്ചിട്ടില്ല.

5. ഗോഡൗൺ രജിസ്റ്റർ നിലവിലില്ല.

6. വാണിജ്യാവശ്യത്തിനുള്ള സ്റ്റോക്കിൽ 110 (നൂറ്റിപ്പത്ത്) സിലിണ്ടറുകൾ കുറവുണ്ട്.

7. ഫയർ എക്സ്റ്റീംഗ്യൂഷർ നിശ്ചിത രീതിയിൽ ഗോഡൗണിൽ സ്ഥാപിച്ചിട്ടില്ല. പകരം അലക്ഷ്യമായി തറയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.

8. ഗോഡൗൺ പ്രതലം പരുപരുത്തതാണ്. സിലിണ്ടറുകൾ വയ്ക്കുമ്പോൾ ശബ്ദം കേൾക്കാത്ത രീതിയിൽ ക്രമീകരിക്കണമെന്നുള്ള തത്വം പാലിച്ചിട്ടില്ല.

9. ഗോഡൗണിൽ സിലിണ്ടറുകളുടെ സ്റ്റോക്ക് തിട്ടപ്പെടുത്തുവാൻ തക്ക രീതിയിലല്ല സൂക്ഷിച്ചിരിക്കുന്നത്.

10. ഗോഡൗണിൽ നിറസിലിണ്ടറുകൾ അലക്ഷ്യമായി സൂക്ഷിച്ചിരിക്കുന്നു.

വിതരണത്തിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു

1. കസ്റ്റമർ രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല.

2. ക്യാഷ് ആന്റ് ക്യാരി രീതിയിലുള്ള വിതരണം ഓയിൽ കമ്പനി ചട്ടപ്രകാരം അനുവദനീയമല്ല. എന്നാൽ പരിശോധന സമയം ഉപഭോക്താക്കൾ നേരിട്ട് ഗ്യാസ് ശേഖരിക്കാൻ വരുന്നതായികണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

3. അന്യത്ര സേവനത്തിനു പോകുന്നതും സ്ഥലം മാറി പോകുന്നതുമായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിലുള്ള ഗ്യാസ് കണക്ഷൻ റദ്ദു ചെയ്യുന്നതിനോ ഏജൻസി മാറ്റി കൊടുക്കുന്നതിനോ സംവിധാനം നിലവിലില്ലാത്തതിനാൽ ഇത്തരം കണക്ഷൻ നില നിൽക്കുന്നുവെന്നും അത് ദുർവിനിയോഗം ചെയ്യുന്നതായും കാണുന്നു.

പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്കും അപാകതകൾക്കും ഗ്യാസ് ഏജൻസിക്കെതിരെ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് ജില്ലാ കളക്ടർ സൊസൈറ്റി സെക്രട്ടറിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

ഗ്യാസ് കണക്ഷനോടൊപ്പം മറ്റ് ഉപഭോഗ വസ്തുക്കൾ നിർബന്ധമായി അടിച്ചേൽപ്പിക്കുന്ന ഗ്യാസ് ഏജൻസികൾക്കെതിരെ നടപടി

120 (186) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്യാസ് ഏജൻസികൾ ഗ്യാസ് കണക്ഷൻ നൽകുന്നതിനോടൊപ്പം ഉപഭോഗ വസ്തുക്കൾ നിർബന്ധിച്ച് ഏൽപ്പിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം പ്രവൃത്തികളിൽ ഏർപ്പെട്ട ഏതൊക്കെ ഗ്യാസ് ഏജൻസികളുടെ പേരിൽ കഴിഞ്ഞ ഒരു വർഷം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ഉപഭോക്താവിന് ന്യായമായ സേവനം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പുതിയ ഗ്യാസ് കണക്ഷനായി ഒരു ഗുണഭോക്താവ് ഏതൊക്കെ കാര്യത്തിനായി എത്ര തുക വീതമാണ് ചെലവാക്കേണ്ടതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോസ്റ്റൽ ഗ്യാസ് ഏജൻസി, മാലപ്പുറം-എറണാകുളം, വിനായക ഗ്യാസ് ഏജൻസി, കൊടുങ്ങല്ലൂർ-തൃശ്ശൂർ, മണ്ടോടി ഗ്യാസ് ഏജൻസി, ബേപ്പൂർ-കോഴിക്കോട് എന്നീ ഏജൻസികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 30-10-2010-ൽ സർക്കാർ തലത്തിൽ വിളിച്ചുചേർത്ത ബന്ധപ്പെട്ടവരുടെ യോഗത്തിൽ ഗ്യാസ് ഏജൻസികൾ ഉപഭോക്താക്കളെ മറ്റ് ഉപഭോഗ വസ്തുക്കൾ അടിച്ചേൽപ്പിക്കുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി നിരന്തരം പരിശോധനകൾ നടത്താനും ഇത്തരം സംഭവങ്ങൾ പരിശോധന ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടാൽ ശിക്ഷണ നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly